# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3815 — 19.03.2018-ൽ മറുപടിക്ക്

## പൊതുവിദ്യാലയങ്ങളിൽ ഹൈടെക് ക്ലാസ് മുറികൾ

| ചോദ്യം<br>**ശ്രീ.ആർ. രാമചന്ദ്രൻ** | ഉത്തരം<br>പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| --- | --- |
| എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഹൈടെക് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | എ) പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. |
| ബി) ഹൈടെക് ക്ലാസ് മുറികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വിശദീകരിക്കാമോ; | ബി) ഓരോ ക്ലാസ്സിലേയ്ക്കും ലാപ് ടോപ്പ് കമ്പ്യൂട്ടർ, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫങ്ഷൻ പ്രിൻറർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 'കൈറ്റ്' മുഖേന ലഭ്യമാക്കുന്നത്. |
| സി) ഈ പദ്ധതി പ്രകാരംഓരോ വിദ്യാലയത്തിലും എത്ര ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലാക്കുന്നുവെന്ന് വിശദീകരിക്കാമോ? | സി) പദ്ധതിയിലുൾപ്പെട്ട സ്കൂളുകൾ സജ്ജമാക്കുന്ന എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ